# വളരെ അടിയന്തിരം

നം. ഇ.എക്സ്/എ(4)/10200/2020/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം
തീയതി: 11/03/2020.

പ്രേഷകൻ

**സെക്രട്ടറി,**
പരീക്ഷാഭവൻ.

സ്വീകർത്താവ്

**എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും**

സർ,

വിഷയം: എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2020 - ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം- എക്സാമിനർമാരായി നിയമനം നൽകുന്നത്- സംബന്ധിച്ച്.

സൂചന: 20.02.2020 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

........

2020 മാർച്ച് എസ്.എസ്.എൽ.സി. പരീക്ഷയുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തുന്നതിന് അഡീഷണൽ ചീഫ് എക്സാമിനേഴ്സ്, അസിസ്റ്റന്റ് എക്സാമിനേഴ്സ് ആയി അതാത് സോണുകളിൽ അപേക്ഷിക്കുന്നതിന് **16.03.2020** വരെ സൗകര്യം ഉണ്ടായിരിക്കും. ഇതുവരെ അപേക്ഷിക്കാത്ത അദ്ധ്യാപകരുടെ വിവരങ്ങൾ iExaMs വഴി Enter ചെയ്യുന്നതിന് എല്ലാ പ്രഥമാദ്ധ്യാപകരും ഈ അവസരം പ്രയോജനപ്പെടുത്തേണ്ടതാണ്. അതാത് സ്കൂളുകളിലെ യോഗ്യരായ മുഴുവൻ എച്ച്.എസ്.ടി.മാരുടെയും അപേക്ഷ സ്വീകരിച്ച് ഓൺലൈൻ എൻട്രി നടത്തി എന്ന് പ്രഥമാദ്ധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്. അപ്രകാരം ഓൺലൈൻ എൻട്രി നടത്താത്ത പ്രഥമാദ്ധ്യാപകരുടെ മേൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്. അങ്ങനെയുള്ള പ്രഥമാദ്ധ്യാപകരുടെ ലിസ്റ്റ് നിശ്ചിത തീയതിക്കു ശേഷം ശേഖരിച്ച് ഈ ഓഫീസിലേക്ക് അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഗൗരവമായ ശ്രദ്ധ ഉണ്ടാകണമെന്ന് താല്പര്യപ്പെടുന്നു.

മാർച്ച് 16 വരെ അപേക്ഷ സമർപ്പിക്കുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ iExaMs login വഴി ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്ക് ലഭിക്കുന്നതാണ്. അതിനുശേഷം വിദ്യാഭ്യാസ ജില്ലയിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കാത്തവരുടെ ലിസ്റ്റ് നിശ്ചിത ഫോർമാറ്റിൽ ഈ കാര്യാലയത്തിലേയ്ക്ക് അയച്ചുതരേണ്ടതാണ്. ഈ ലിസ്റ്റിൽ നിന്ന് നിർബന്ധിത നിയമനം ഈ കാര്യലയത്തിൽ നിന്ന് നൽകുമ്പോൾ ഏത് സോണുകളിലാണ് അതാത് വിഷയത്തിന് അദ്ധ്യാപകരുടെ കുറവ് അനുഭവപ്പെടുന്നത് അവിടെയായിരിക്കും നിയമനം നൽകുന്നത്. ആയതിനാൽ മാർച്ച് 16 വരെ അതാതു സോണുകളിൽ അപേക്ഷിക്കുവാനുള്ള അവസരം പ്രയോജനപ്പെടുത്തുവാനുള്ള വിവരം ജില്ലാവിദ്യാഭ്യാസ ആഫീസർമാർ അടിയന്തിരമായി എല്ലാ പ്രഥമാദ്ധ്യാപകരെയും അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

**സെക്രട്ടറി**

പകർപ്പ്:- എല്ലാ പ്രഥമാദ്ധ്യാപകർക്കും
(ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)

പുറത്തെഴുത്ത് നം A5/6199/19 Dt. 12/3/20

പകർപ്പ്: എല്ലാ പ്രധാനാദ്ധ്യാപകർക്കും മേൽനടപടിക്കായി അയക്കുന്നു.

(ഒപ്പ്) for